നം..../......../ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി 13 .06.2014.

## സർക്കുലർ

**വിഷയം:-** **പൊതുവിദ്യാഭ്യാസം - 2014 ജൂൺ ഒന്നാം തീയതി സംസ്ഥാനത്തെ സ്കൂളുകളിലുള്ള ജീവനക്കാരുടെ സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 10.06.2014-ലെ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നിർദ്ദേശം

സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ അധ്യാപക പാക്കേജ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിന് സ്കൂളുകളിൽ നിലവിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ 01.06.2014-നുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ www.itschool.gov.in വെബ്സൈറ്റിൽ 'School Employees' എന്ന ശീർഷകത്തിൽ ഓരോ സ്കൂളിൽ നിന്നും 16.06.2014 ന മുമ്പ് ഉൾപ്പെടുത്തേണ്ടതാണ്.
2. സ്കൂളുകൾ 'സമ്പൂർണ്ണ' യിൽ വിവരം ഉൾപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.
3. സർക്കാർ വിദ്യാലയങ്ങളിലെ സ്ഥിരം ജീവനക്കാരുടേയും എയിഡഡ് വിദ്യാലയങ്ങളിൽ 01.06.2014 വരെ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുടെയും വിശദാംശങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതാണ്.
4. ഓരോ സ്കൂളിലേയും നിയമാനുസൃതമുള്ള എല്ലാ ജീവനക്കാരുടേയും വിശദാംശങ്ങൾ യഥാസമയം ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടത് അതതു സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വമാണ്. ഇത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
5. ജീവനക്കാരുടെ PEN (Permanent Employee Number) നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. PEN ലഭിക്കാത്ത ജീവനക്കാരുണ്ടെങ്കിൽ സ്കൂൾ അധികൃതർ അത് ലഭ്യമാക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
സ്റ്റോക്ക് ഫയൽ